"മാതൃഭാഷ - മലയാളം"

Break the Chain

# കേരള സർക്കാർ

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം. എസ്.എസ്.1/108/2020/പൊ.ഭ.വ

തീയതി, തിരുവനന്തപുരം,22.04.2020

**<u>സർക്കുലർ</u>**

വിഷയം :- പൊതുഭരണ വകുപ്പ് -കോവിഡ് -19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങൾ- സെക്രട്ടേറിയറ്റ് കവാടങ്ങളിൽ തെർമൽ സ്കാനർ ഉപയോഗിച്ച് പരിശോധന നടത്തുന്നത് -സംബന്ധിച്ച്

കോവിഡ്-19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ 24 മുതൽ സെക്രട്ടേറിയറ്റിലെ പ്രവേശന കവാടങ്ങളിൽ ചുവടെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നു.

1. എല്ലാ ജീവനക്കാരും നിർബന്ധമായും ഔദ്യോഗിക തിരിച്ചറിയൽകാർഡ് ധരിക്കേണ്ടതാണ്.

2. കൺറ്റോൺമെന്റ് ഗേറ്റിലൂടെ (ഗേറ്റ് നം.1) മാത്രമേ വാഹനങ്ങൾക്ക് സെക്രട്ടേറിയറ്റ് മെയിൻ കാമ്പസിനകത്തേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. സൗത്ത് വെസ്റ്റ് ഗേറ്റിലൂടെ (ആസാദ് ഗേറ്റ് - ഗേറ്റ് നം. 3) ജീവനക്കാർക്ക് കാമ്പസിനകത്തേയ്ക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതാണ്. വാഹനങ്ങൾക്ക് പുറത്ത് പോകുന്നതിന് കന്റോൺമെന്റ് ഗേറ്റും (ഗേറ്റ് നം. 1) സൗത്ത് വെസ്റ്റ് ഗേറ്റും ഉപയോഗിക്കാവുന്നതാണ്. അനക്സ്-1, 2 കെട്ടിടങ്ങളിലെ ഓരോ ഗേറ്റുകൾ നിർബന്ധമായും വാഹനങ്ങളുടേയും ജീവനക്കാരുടേയും പ്രവേശനത്തിന് മാത്രമായി നിജപ്പെടുത്തേണ്ടതാണ്. വാഹനങ്ങളും ജീവനക്കാരും പുറത്തുപോകുന്നതിനായി പ്രസ്തുത കെട്ടിടങ്ങളുടെ രണ്ടാമത്തെ ഗേറ്റ് ഉപയോഗിക്കേണ്ടതാണ്. മറ്റ് ഗേറ്റുകൾ യാതൊരു കാരണവശാലും മറ്റൊരറിയിപ്പ് ഉണ്ടാകുന്നതുവരെ തുറക്കാൻ പാടില്ലാത്തതാകുന്നു.

3. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സെക്രട്ടേറിയറ്റിനകത്തേയ്ക്ക് സന്ദർശകർക്ക് നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. ഔദ്യോഗികാവശ്യങ്ങൾക്ക് വരുന്നവർ ആയത് സംബന്ധിച്ച രേഖകൾ കൈയ്യിൽ കരുതേണ്ടതാണ്. അല്ലാതെയുള്ളവർക്ക് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിയുടെയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയോ ശിപാർശയോടുകൂടി മാത്രമെ പ്രവേശനം അനുവദിക്കുകയുള്ളൂ.

4. ജീവനക്കാരുടേയും, വാഹനങ്ങളുടേയും പ്രവേശനത്തിന് നിശ്ചയിച്ചിരിക്കുന്ന ഗേറ്റുകളിൽ ഡ്യൂട്ടിയിലുള്ള സുരക്ഷാവിഭാഗം ജീവനക്കാർ ഇൻഫ്രാറെഡ് തെർമോമീറ്റർ ഉപയോഗിച്ച് സെക്രട്ടേറിയറ്റിനകത്തേയ്ക്ക് പ്രവേശിക്കുന്ന ഏതൊരു വ്യക്തിയുടേയും ശരീരോഷ്മാവ് പരിശോധിക്കേണ്ടതും, ആയത് 37.2° സെൽഷ്യസിൽ അധികമായി കണ്ടാൽ ആ വ്യക്തിക്ക് പ്രവേശനം നിഷേധിക്കേണ്ടതുമാണ്. ഇപ്രകാരം നിഷേധിക്കപ്പെടുന്ന വ്യക്തിയുടെ പേരും മേൽവിലാസവും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനു ശേഷം പ്രസ്തുത വിവരം ദിശ ഹെൽപ് ലൈനിൽ അറിയിക്കേണ്ടതുമാണ്.

5. ഗേറ്റ് കടന്ന് അകത്തേയ്ക്ക് പ്രവേശിക്കുന്ന വാഹനങ്ങളിലെ ഡ്രൈവർമാർ ഉൾപ്പെടെയുള്ള മുഴുവൻ വ്യക്തികളേയും താപനില പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്. പരിശോധന നടത്താതെ യാതൊരാളും സെക്രട്ടേറിയറ്റിനുള്ളിൽ പ്രവേശിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം ഡ്യൂട്ടിയിലുള്ള സുരക്ഷാ ഉദ്യോഗസ്ഥർക്കാണ്.

മേൽപ്പറഞ്ഞ പരിശോധനയ്ക്ക് ആവശ്യമായ ഇൻഫ്രാറെഡ് തെർമോമീറ്റർ ചീഫ് സെക്യൂരിറ്റി ഓഫീസർ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിലെ സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസറിൽ നിന്നും ഏറ്റുവാങ്ങേണ്ടതാണ്. ആയവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ബാറ്ററികൾ പൊതുഭരണ(ഹൗസ്-കീപ്പിംഗ്) വകുപ്പ് ചീഫ് സെക്യൂരിററി ഓഫീസറുടെ നിർദ്ദേശാനുസരണം ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ചീഫ് സെക്യൂരിറ്റി ഓഫീസറെ ചുമതലപ്പെടുത്തുന്നു.

**കെ. ആർ. ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ, പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്
ചീഫ് സെക്യൂരിറ്റി ഓഫീസർ, ഗവ.സെക്രട്ടേറിയറ്റ്
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ